# 26.09.2016ലെ കൗൺസിൽ യോഗത്തിന്റെ നടപടിക്രമം

നഗരസഭാ കൗൺസിലിന്റെ ഒരു സാധാരണ യോഗം 26.09.2016ന് 11.00 മണിക്ക് നഗരസഭാ ചെയർമാൻ ശ്രീ. കെ.കെ. നാസർ എന്നവരുടെ അധ്യക്ഷതയിൽ ആരംഭിച്ചു.

**യോഗത്തിലെ ഹാജർ:**

| ക്രമ നമ്പർ | കൗൺസിലർമാരുടെ പേര് | വാർഡ് |
|---|---|---|
| 1 | എടകണ്ടൻ യൂസഫ് | 1 |
| 2 | സുലൈമാൻ പാറമ്മൽ | 2 |
| 3 | അബ്ദുൾ നാസർ തിരുനിലത്ത് | 3 |
| 4 | ഉസ്മാൻകുട്ടി പരവക്കൽ | 4 |
| 5 | ബുഷ്റ ഷെബീർ | 5 |
| 6 | കെ.വി. രാജസുലോചന | 6 |
| 7 | ചന്ദ്രിക.കെ | 7 |
| 8 | ടി.വി. മുംതാസ് | 8 |
| 9 | പി. റംല ടീച്ചർ | 9 |
| 10 | അലവി തൈക്കാട്ട് | 10 |
| 11 | ടി.പി. സുബൈർ | 11 |
| 12 | അബ്ദുൾ റഹീം (നാണി) | 12 |
| 13 | ടി.വി. സുലൈഖബി | 13 |
| 14 | കെ.കെ. നാസർ | 14 |
| 15 | ജമീല അബു | 15 |
| 16 | റംല കറുത്തേടത്ത് | 16 |
| 17 | മാട്ടുമ്മൽതൊടി ഫരീദ | 17 |
| 18 | നന്ദകുമാർ പള്ള്യാൽ | 18 |
| 19 | അബ്ദുറഹ്മാൻ.കെ.വി. | 19 |
| 20 | പുത്തൻപിടീയേക്കൽ ആയിഷ ഉമ്മർ | 20 |
| 21 | വേളക്കാടൻ ലൈല റഷീദ് | 21 |
| 22 | കരുവക്കോട്ടിൽ സുഹറാബി | 22 |
| 23 | കെ. ഗിരിജ | 23 |
| 24 | സൈതലവി | 24 |
| 25 | അമരിയിൽ ആഷിത റസാഖ് | 25 |
| 26 | ജിനി | 26 |
| 28 | അബ്ദുള്ളകുട്ടി | 28 |
| 29 | അഹമ്മദ് മണ്ടായപ്പുറം | 29 |
| 30 | കെ. കമലാക്ഷി | 30 |
| 31 | സാജിദ് മങ്ങാട്ടിൽ | 31 |
| 32 | രാമചന്ദ്രൻ മഠത്തിൽ | 32 |

കൂടാതെ സെക്രട്ടറി, വകുപ്പുമേധാവികൾ, എന്നിവർ പങ്കെടുത്തു.

## 1. H1-12560/16

സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന 2015-18 വർഷത്തിൽ നടപ്പിലാക്കുന്ന മത്സ്യ സമൃദ്ധി പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സന്നദ്ധസേവനത്തിന് തയ്യാറാക്കിയിട്ടുള്ളവരുടെ പട്ടികയിൽ നിന്നും ശ്രീ. അലമ്പാട്ടിൽ റസാഖ് കാവതികളം എന്ന വ്യക്തിയെ കോട്ടക്കൽ മുനിസിപ്പാലിറ്റിയിൽ താത്കാലിക അക്വാകൾച്ചർ കോ-ഓർഡിനേറ്റർ തസ്തികയിലേയ്ക്ക് ചുമതലപ്പെടുത്തിയ വിവരം പൊന്നാനി ഫിഷറീസ് ഡയറക്ടറേറ്റിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കത്തുമൂലം അറിയിച്ചിരിക്കുന്നു. ഈ വിവരം കൗൺസിലിന്റെ അറിവിലേയ്ക്ക്.

**തീരുമാനം**

വായിച്ചു റിക്കാർഡാക്കി.

## 2. H1-12545/16

കോട്ടക്കൽ നഗരത്തിൽ വളർന്നുവരുന്ന ലഹരി മാഫിയയുടെ പ്രധാന കണ്ണികൾ അന്യസംസ്ഥാന തൊഴിലാളികളാണ്. യാതൊരു സ്ഥിതി വിവര കണക്കുമില്ലാതെയാണ് ബിൽഡിംഗ് ഉടമകൾ അന്യസംസ്ഥാനതൊഴിലാളികളെ താമസിപ്പിക്കുന്നത് ഇതിന് തടയിടുന്നതിന് നഗരസഭാ പരിധിയിലെ മുഴുവൻ അന്യസംസ്ഥാനത്തൊഴിലാളികളുടെയും കണക്കെടുപ്പ് നടത്തണമെന്ന മുസ്ലിം യൂത്ത് ലീഗ് കോട്ടക്കൽ മുനിസിപ്പൽ കമ്മിറ്റിയുടെ ആവശ്യം കൗൺസിലിന്റെ പരിഗണനയ്ക്ക്.

**തീരുമാനം**

അന്യസംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്ന കെട്ടിട ഉമടകളുടെ യോഗം വിളിക്കുന്നതിന് തീരുമാനിച്ചു. അന്യസംസ്ഥാന തൊഴിലാളികളുടെ കണക്കെടുപ്പു നടത്തി ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ തയ്യാറാക്കുന്നതിനും ഒരു മുറിയിൽ മുറിയുടെ വലുപ്പം അനുസരിച്ച് എത്രപേർ താമസിക്കണം എന്ന് തീരുമാനിക്കണം, ആളുകളുടെ എണ്ണം അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കണം ഇല്ലെങ്കിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് കെട്ടിട ഉടമകൾക്ക് കർശന നിർദ്ദേശം നൽകണം ബന്ധപ്പെട്ട കാര്യങ്ങൾ ഏർപ്പാടാക്കുന്നതിന് സെക്രട്ടറി, റവന്യൂ ഇൻസ്പെക്ടർ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

## 3. R2-5894/16

നഗരസഭാ പരിധിയിലെ സർക്കാർ സ്കൂളുകളിലെ ശുചിമുറികൾ വൃത്തിയാക്കുന്നതിനും പരിപാലിക്കുന്നതിനും, ചട്ടപ്പടി ദിവസവേതനാടിസ്ഥാനത്തിൽ ജോലിക്കാരെ നിയമിക്കുന്ന വിഷയം ബഹു. കൗൺസിലിന്റെ അംഗീകാരത്തിന്.

കുറിപ്പ്: (1) കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 23/12/2015ലെ 1447/12/LA2/2014/KeSCPCR നമ്പർ കത്ത്.

(2) നഗരകാര്യ ഡയറക്ടറുടെ 21/01/2016ലെ G2-4307/15 നമ്പർ കത്ത്.

**തീരുമാനം**

അംഗീകരിച്ചു.

## 4. R1-13113/16

കെട്ടിട/ആഡംബര നികുതി നിർണ്ണയവും പിരിവും ഊർജ്ജിതപ്പെടുത്തുന്നതിനുള്ള കർമ്മപരിപാടിയുടെ ഭാഗമായുള്ള വിവരശേഖരണത്തിനായി റവന്യൂ വകുപ്പിലെ താലൂക്ക് തല സ്പെഷ്യൽ ടീമുമായി സഹകരിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള നഗരകാര്യ ഡയറക്ടറുടെ 22.08.2016 തീയതിയിലെ ജി1-18770/16 നമ്പർ കത്ത് കൗൺസിൽ മുമ്പാകെ.

**കുറിപ്പ്:** ബഹു. സർക്കാറിന്റെ ആർ.സി.2/371/2016/തസ്വഭവ നമ്പർ ഉത്തരവ്.

**തീരുമാനം**

വായിച്ചു റിക്കാർഡാക്കി.

## 5. PW2-11873/16

കോട്ടക്കൽ നഗരസഭയിലെ പ്രൈമറി ഹെൽത്ത് സെന്റർ നിർമ്മാണം -2-ാം ഘട്ടം പ്രവൃത്തി എം.പി. ഫണ്ടിൽ ഉൾപ്പെടുത്തി 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് ബഹു. ജില്ലാ കളക്ടറുടെ 08/08/2016ലെ 1653/16-17/DPO/MPM/MPLADS/1 നമ്പർ കത്ത് കൗൺസിൽ പരിഗണനയ്ക്ക്.

**തീരുമാനം**

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയറെ ചുമതല പ്പെടുത്തുന്നതിന് തീരുമാനിച്ചു.

## 6. PW1-12484/16

കോട്ടക്കൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പാലത്തറയിലെ ഭൂമിയുമായി ബന്ധപ്പെട്ട വിഷയവും ടി ഭൂമി സംരക്ഷിക്കുന്ന നടപടി സ്വീകരിക്കണമെന്ന വാർഡ് കൗൺസിലർ ശ്രീ. എം. അബ്ദുള്ളക്കുട്ടി എന്നവർ 01.09.2016ൽ സമർപ്പിച്ച അപേക്ഷ കൗൺസിൽ പരിഗണനയ്ക്കായി.

**കുറിപ്പ്:** 1) ടി ഭൂമിയുടെ അവകാശമുന്നയിച്ച് ശ്രീ. മൂർക്കത്ത് സൈതലവി എന്നവർ ബഹു. പരപ്പനങ്ങാടി മുൻസിഫ് കോടതിയിൽ സമീപിച്ചതിൽ നഗരസഭയ്ക്ക് വേണ്ടി ഹാജരാകുന്നതിന് അഡ്വ. രാമൻകുട്ടി എന്നവർക്ക് വക്കാലത്ത് നൽകിയിട്ടുള്ളതാണ്.

2) ടി ഭൂമിയുടെ (റീ സർവ്വേ നമ്പർ 68/14) BTR സാക്ഷ്യപ്പെടുത്തിയ പകർപ്പ് കോട്ടക്കൽ വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ചിട്ടുള്ളതും ആയതിൽ കോട്ടക്കൽ പഞ്ചായത്ത് ലക്ഷം വീട് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

3) 1973 ജൂൺ 28ന് 1100-ാം നമ്പർ ആധാരപ്രകാരം ബഹു. കേരള ഗവർണറുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

**തീരുമാനം**

ഭൂമി മതിൽ കെട്ടി സംരക്ഷിക്കുന്നതിനും പൊതുജനങ്ങളുടെ അറിവിലേയ്ക്ക് വരുന്ന രീതിയിൽ പബ്ലിസിറ്റി നൽകുന്നതിനും നഗരസഭയുടെ മുഴുവൻ സ്ഥലങ്ങളും സംരക്ഷിക്കുന്നതിനും തീരുമാനിച്ചു. ആയതിന് സെക്രട്ടറി മുനിസിപ്പൽ എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തി.

## 7. PW2-13153/16

കൂരിയാട് NUHMലേയ്ക്ക് ലാബ് പ്രവർത്തിക്കുന്നതിന് ആവശ്യമായ റാക്ക് വാങ്ങുന്നതിന് സിഡ്കോ 97325/-രൂപയുടെ ഇൻവോയ്സ് സമർപ്പിച്ചിട്ടുള്ളതിനാൽ ആയത് പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് മെഡിക്കൽ ഓഫീസറുടെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

**തീരുമാനം**

അംഗീകരിച്ചു.

## 8. G3-10295/11

സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ ലഭിച്ച വിധവാ പെൻഷൻ 60 അപേക്ഷകളും, വികലാംഗ പെൻഷൻ 45 അപേക്ഷകളും അവിവാഹിത പെൻഷൻ 4 അപേക്ഷകളും അനുവദിക്കുന്നതിന് 29.08.2016ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം കൗൺസിൽ അറിവിലേയ്ക്കും പരിഗണനയ്ക്കും.

**തീരുമാനം**

അംഗീകരിച്ചു.

## 9. PW2-17565/16

കോട്ടക്കൽ നഗരസഭ– ചട്ടിപ്പറമ്പ് സെക്ഷൻ പരിധിയിൽപ്പെടുന്ന പാപ്പായി ഭാഗത്ത് സ്വകാര്യ വ്യക്തികളുടെ വീടിന് മുകളിലൂടേയും, കൃഷി സ്ഥലത്തിലൂടേയും കടന്നുപോകുന്നതും അപകടാവസ്ഥയിലുള്ളതുമായ LT ത്രീഫേസ്, സിംഗിൾ ഫേസ് ലൈനുകൾ അടുത്തുള്ള റോഡിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് ടി പരിസരവാസികളുടെ അപേക്ഷയുടേയും കോട്ടക്കൽ നഗരസഭ സെക്രട്ടറിയുടെ കത്തിന്റെയും അടിസ്ഥാനത്തിൽ 390 മീറ്റർ ത്രീഫേസ് ലൈനും 260 മീറ്റർ സിംഗിൾ ഫേസ് ലൈനും അഴിച്ചുമാറ്റി അടുത്തുള്ള റോഡിലൂടെ 490 മീറ്റർ ത്രീഫേസ് ലൈനും 510 മീറ്റർ സിംഗിൾ ഫേസ് ലൈനും വലിക്കുന്നതിന് പുനരുപയോഗിക്കാവുന്ന സാധന സാമഗ്രികൾക്ക് പുറമെ കൂടുതലായി ആവശ്യമുള്ളവയുടെ വിലയും, പ്രവൃത്തി ചെയ്തു തീർപ്പാക്കുന്നതിനാവശ്യമായ പണികൂലിയും ഉൾപ്പെടെ തയ്യാറാക്കിയ KSEB അസിസ്റ്റന്റ് എഞ്ചിനീയറുടെ 217000/–രൂപയുടെ എസ്റ്റിമേറ്റിനു ഭരണാനുമതി നൽകുന്ന കാര്യ കൗൺസിലിന്റെ പിരഗമനയ്ക്കായി.

**കുറിപ്പ്:** എസ്റ്റിമേറ്റ് പ്രകാരമുള്ള 2,17000/–രൂപ അടവാക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തിയാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**തീരുമാനം**

അംഗീകരിച്ചു.

## 10. G1-19807/13

നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ 2011 ജനുവരി മുതൽ 2014 ഡിസംബർ മാസംവരെയുള്ള കാലയളവിലെ ഇ.പി.എഫ് വിഹിതം യഥാസമയം അടക്കാത്തതിനാൽ 2,20,000/–രൂപ പിഴ ചുമത്തിയിട്ടുണ്ട്. കൂടാതെ 2015 ജനുവരി മുതൽ 2016 ഏപ്രിൽ മാസംവരെയുള്ള ഇ.പി.എഫ് വിഹിതം ഇനത്തിൽ 356963/–രൂപ അടക്കുന്നതിന് അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് കമ്മീഷണർ ഉത്തരവായിട്ടുണ്ട്. വിഷയം കൗൺസിൽ പരിഗണനയ്ക്കായി.

**തീരുമാനം**

പിഴ ഒഴിവാക്കി തരുന്നതിന് കത്തയക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. 2015 ജനവരി മുതൽ 2016 ഏപ്രിൽ മാസം വരെയുള്ള ഇ.പി. എഫ് വിഹിതം 3,56,963/- രൂപ അടയ്ക്കുന്നതിന് തീരുമാനിച്ചു.

## 11. H1-17984/15

കോട്ടക്കൽ നഗരസഭയും അൽമാസ് ആശുപത്രിയും സംയുക്തമായി നടത്തുന്ന സൗജന്യ ഡയാലിസിസ് പരിപാടി സംബന്ധിച്ച് നഗരസഭാ ചെയർമാന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ

1. രണ്ട് മാസം കൂടുമ്പോൾ മീറ്റിംഗ് നടത്തുന്നതിന് തീരുമാനിച്ചു, നിലവിലുള്ള വരവ് ചെലവ് കണക്ക് തയ്യാറാക്കുന്നതിന് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. ടി. അലവി, ശ്രീ.ടി.പി. സുബൈർ എന്നിവരെ ചുമതലപ്പെടുത്തി.

2. ചെയർമാന്റെയും, ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെയും പേരിൽ ജോയിന്റ് എക്കൗണ്ട് തുടങ്ങുന്നതിന് തീരുമാനിച്ചു.

3. കോട്ടക്കൽ മുനിസിപ്പൽ കിഡ്നി പേഷ്യന്റ്സ് വെൽഫയർ കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

   ചെയർമാൻ – ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
   കൺവീനർ – സെക്രട്ടറി.
   അംഗങ്ങൾ – എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും, ശ്രീ. ടി.പി. സുബൈർ, ശ്രീമതി. രാജസുലോചന എന്നിവരും.

4. സ്കൂൾതലത്തിൽ സംഭാവന പിരിക്കുന്നതിലേയ്ക്ക് അദ്ധ്യാപകരെ ഉൾപ്പെടുത്തി യോഗം ചേരുന്നതിന് തീരുമാനിച്ചു.

5. ഫണ്ട് ശേഖരിക്കുന്നതിന് എല്ലാ കൗൺസിലർമാരും ചേർന്ന് ഒരുമിച്ച് പിരിവ് നടത്തുന്നതിന് തീരുമാനിച്ചു.

6. കൂടാതെ ആര്യവൈദ്യശാലയിലെ തൊഴിലാളികൾ, അധ്യാപകർ, ബാങ്കുകൾ, മതസ്ഥാപനങ്ങൾ, വിവിധ ക്ലബ്ബുകൾ, ബസ്സ് ഓണേഴ്സ്, കോൺട്രാക്ടർമാർ, കൺസ്ട്രക്ഷൻ കമ്പനികൾ, വ്യാപാരിവ്യവസായികൾ, പാരലൽ കോളേജുകൾ എന്നിവരിൽ നിന്നും സംഭാവന പിരിക്കുന്നതിന് തീരുമാനിച്ചു.

മേൽ തീരുമാനങ്ങൾ കൗൺസിലിന്റെ അറിവിലേയ്ക്ക്.

**തീരുമാനം**

വായച്ചു റിക്കാർഡാക്കി, കോട്ടക്കൽ മുനിസിപ്പാലിറ്റി കിഡ്നി പേഷ്യന്റ്സ് വെൽഫയർ കമ്മിറ്റിയിൽ അംഗമായി അബ്ദുൽ റഹീം (നാണി)യെ കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**12.** 2016 ആഗസ്ത് മാസത്തെ വരവ് ചെലവ് കണക്ക് അംഗീകരിക്കൽ

**തീരുമാനം**

അംഗീകരിച്ചു.

| | | |
|---|---|---|
| 1 | **പ്രാരംഭ ബാക്കി** | **58259468** |
| 2 | **രശീതി** | **4306147** |
| 3 | **ആകെ** | **62565615** |
| 4 | **ചെലവ്** | **7712025** |
| 5 | **നീക്കിയിരിപ്പ്** | **54853590** |

**13.** 2016 സെപ്തംബർ മാസത്തെ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സംബന്ധിച്ച്.

**തീരുമാനം**

2016 ആഗസ്റ്റ് ,സെപ്തംബർ മാസത്തെ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ വായിച്ചു റിക്കാർഡാക്കി.

**14. 2016-17** വർഷത്തെ പദ്ധതി സംബന്ധിച്ച്.

**തീരുമാനം**

ചർച്ച ചെയ്തു. 2016-17 പദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിഗത ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകൾ നഗരസഭയിലും അംഗൻവാടികളിലും, സേവ കേന്ദ്രങ്ങളിലും, കൗൺസിലർമാർ മുഖേനയും, ലഭിക്കുന്നതാണെന്ന് പൂരിപ്പിച്ച അപേക്ഷകൾ 7-ാം തീയതിയ്ക്ക് മുമ്പ് നഗരസഭയിൽ ലഭിക്കേണ്ടതാണെന്ന് കാണിച്ച് പത്രപരസ്യം നൽകുന്നതിന് തീരുമാനിച്ചു. ഒക്ടോബർ 17, 18, 19, 20, 21, 22 എന്നീ തീയതികളിൽ വാർഡ്സഭ നടത്തുവാൻ തീരുമാനിച്ചു.

**അധ്യക്ഷൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ.**

**നിശ്ചയിച്ച അജണ്ടകൾ ചർച്ച ചെയ്തതിന്റെ ശേഷം താഴെ പറയുന്ന അജണ്ടകൾ കൂടി പരിഗണിച്ചു**

**15. PW2-13645/16**

കോട്ടക്കൽ ബസ്സ്റ്റാന്റിലെ 1921 ലെ സ്മാരകം ആഡംബരമായി സംരക്ഷിക്കുന്നതിനും അവിടെ സോളാർ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ച് പരിപാലിക്കുന്നതിനും തയ്യാറാണെന്നും MIMS ഹോസ്പിറ്റലിന്റെ അപേക്ഷ കൗൺസിലിന്റെ പരിഗണനയ്ക്കായി.

**കുറിപ്പ്:** 1) കാലാവധി നിശ്ചയിക്കേണ്ടതാണ്.
2) ഇതുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് യാതൊരുവിധ ചിലവും വരുന്നതല്ല.
3) എഗ്രിമെന്റ് സമർപ്പിച്ചിട്ടുണ്ട്.

**തീരുമാനം**

അംഗീകരിച്ചു. നിയമോപദേശം വാങ്ങാൻ തീരുമാനിച്ചു.

## 16. R3-13250/16

കോട്ടക്കൽ നഗരസഭയിലെ ബസ്സ്റ്റാന്റിന് പടിഞ്ഞാറ് വശത്ത് വെള്ളിയാഴ്ചകളിൽ രാത്രി 7 മണിമുതൽ രാത്രി 12 മണിവരെ വെറ്റില ചന്ത നടത്തുന്നതിന് അനുമതി നൽകണമെന്ന മൂസ ഹാജി മുതൽപേർ എന്നിവരുടെ 19/9/2016ലെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** ബഹു. ചെയർമാൻ സൗജന്യമായി അനുവദിക്കുന്നതിന് മുൻകൂർ അനുമതി നൽകിയിട്ടുള്ളതാണ്.

**തീരുമാനം**

അംഗീകരിച്ചു. തുടർന്ന് ചന്ത നടത്തുന്നതിന് സൗജന്യമായി അനുവദിക്കുന്നതിന് തീരുമാനിച്ചു.

## 17. PW2-13244/16

കോട്ടക്കൽ നഗരസഭ- 20-ാം വാർഡിൽ 30/7/2015ലെ 17(1) 29 നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകാരം ലഭിച്ച വെട്ടുതോട് ഫുട്പാത്ത് കോൺക്രീറ്റ് എന്ന പ്രവൃത്തിയ്ക്ക് സ്ഥലം വിട്ടു കിട്ടാത്തതിനാൽ ടി പ്രവൃത്തി കടക്കളം റോഡ് രണ്ടാംഘട്ടം എന്ന പ്രവൃത്തിയ്ക്ക് മാറ്റി തരുന്നതിന് വേണ്ടി 20-ാം വാർഡ് കൗൺസിലർ സമർപ്പിച്ച 19/9/2016ലെ അപേക്ഷ കൗൺസിലിന്റെ പരിഗണനയ്ക്കായി.

**തീരുമാനം**

അംഗീകരിച്ചു.

## 18. PW2-13245/16

കോട്ടക്കൽ നഗരസഭ- 28-ാം വാർഡിൽ 30/7/2015ലെ 17(1) 83 നമ്പർ കൗൺസിൽ തീരുമാന പ്രകാരം കോൺക്രീറ്റ് വർക്ക് ചെയ്യുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ടി വർക്കിനേക്കാൾ ജനങ്ങൾക്ക് ബുദ്ധിമുട്ടുള്ള കാലൊടി പാത്ത്വെ കോൺക്രീറ്റ് ചെയ്യുന്നതിന് വേണ്ടി പദ്ധതി മാറ്റി അനുമതി നൽകുന്നതിന് വേണ്ടി 28-ാം ഡിവിഷൻ കൗൺസിലർ സമർപ്പിച്ച 19/9/2016ലെ അപേക്ഷ കൗൺസിലിന്റെ പരിഗണനയ്ക്കായി.

**തീരുമാനം**

അംഗീകരിച്ചു.

## 19. PW2-13521/16

കോട്ടക്കൽ നഗരസഭ- വലിയ പറമ്പിലെ 11, 12, 13 വാർഡുകളിലേയ്ക്കുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ ടാങ്ക് പൊട്ടി വെള്ളം വിതരണം ചെയ്യാൻ സാധിക്കാത്ത രീതിയിൽ ആയതിനാൽ ആയത് മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് വേണ്ടി 11-ാം വാർഡ് കൗൺസിലർ ശ്രീ. ടി.പി. സുബൈർ സമർപ്പിച്ച 24/9/2016ലെ അപേക്ഷ കൗൺസിലിന്റെ പരിഗണനയ്ക്കായി.

**കുറിപ്പ്:** നിലവിലുള്ള ഓവർ ഹെഡ് ഫൈബർ ടാങ്ക് കാലപഴക്കം മൂലം അടിഭാഗവും വശങ്ങളും പൊട്ടിയിട്ടുള്ളതാണെന്നും നിലവിൽ ടാങ്ക് സ്ഥാപിക്കുന്നതിന് കരിങ്കല്ല് കെട്ടിയിട്ടുള്ളതിന് 4 മീറ്റർ ഉയരമാണ്. ആയത് 1.50 മീറ്റർ കൂടി ഉയർത്തിയാൽ കുറെയധികം സ്ഥലങ്ങളിലേയ്ക്ക് കുടിവെള്ള വിതരണം ചെയ്യാൻ സാധിക്കുന്നതാണെന്നും ഈ പ്രവൃത്തിയ്ക്ക് ഏകദേശം 1,80,000/-രൂപ ചെലവ് പ്രതീക്ഷിക്കുന്നതായി മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തീരുമാനം**

അംഗീകരിച്ചു.

## 20. R1-13584/16

കോട്ടക്കൽ നഗരസഭാ പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി/തൊഴിൽ നികുതി എന്നിവ പിരിച്ചെടുത്ത് 100% നികുതി കളക്ഷൻ ലഭിക്കുന്നതിന് ദിവസ വേതനാടിസ്ഥാനത്തിൽ യോഗ്യരായവരെ നിയമിക്കുന്നതിനുള്ള അനുമതിയ്ക്കായി സർക്കാറിനോട് അപേക്ഷിക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ബഹു. ചെയർമാന്റെ 20/9/2016ലെ കത്ത് കൗൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

കുറിപ്പ്: 1) 15 ബിൽ കളക്ടർമാരെ 6 മാസത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ബഹു. സർക്കാറിനോട് ആവശ്യപ്പെടാവുന്നതാണ്.

2) ഇവരുടെ സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് സർക്കാരിനോട് കാലകാലങ്ങളിൽ അപേക്ഷിക്കാവുന്നതാണ്.

3) യോഗ്യരായ ബിൽകളക്ടർമാരെ കണ്ടെത്തുന്നതിന് പത്ര പരസ്യം നടത്താവുന്നതാണ്.
4) കമ്പ്യൂട്ടർ പരിജ്ഞാനവും ബിരുദവുമുള്ള വ്യക്തികളിൽ നിന്നും അപേക്ഷ ക്ഷണിച്ച് ജോലി ചെയ്യുവാനുള്ള കഴിവിന്റെ അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്.
5) സ്ത്രികൾക്കും നഗരസഭാ പരിധിയിൽ താമസിക്കുന്നവർക്കും കുടുംബശ്രീ അംഗങ്ങൾക്കും മുൻഗണന നൽകാവുന്നതാണ്.
6) നഗരസഭയുടെ വസ്തു നികുതി/തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ അസസ്സ്മെന്റ് രജിസ്റ്റർ എന്നിവ കഴിഞ്ഞ 6 വർഷത്തേയ്ക്ക് എഴുതി പൂർത്തിയാക്കേണ്ടതുണ്ട്.
7) 01.04.2015 മുതൽ പ്രാബല്യത്തിൽ വന്ന പ്ലിന്ത് ഏരിയ വസ്തു നികുതി ശരിയായ വിധത്തിൽ നടപ്പിലാക്കി പൂർണ്ണമായും കമ്പ്യൂട്ടർ വത്കരിക്കേണ്ടതുണ്ട്.
8) നികുതി പരിഷ്കരണം പൂർണ്ണമായും കമ്പ്യൂട്ടർ വത്കരിച്ചാൽ ഇതുമായി ബന്ധപ്പെട്ട 5 രജിസ്റ്ററുകൾ 6 തരം ഫോമുകൾ എന്നിവ മാന്വൽ ആയി എഴുതാതെ തന്നെ ലഭ്യമാകുന്നതാണ്.
9) തത്ഫലമായി 01.04.2017 മുതൽ ഓൺലൈൻ ആയിതന്നെ നികുതി അടവാക്കുന്നതിനുള്ള സൗകര്യം നികുതി ദായകർക്ക് ലഭ്യമാകുന്നതാണ്.
10) മേൽ കാര്യങ്ങൾ നടപ്പിലാക്കുന്നതിലൂടെ നഗരസഭയ്ക്ക് 100% നികുതി പിരിച്ചെടുക്കാൻ സാധിക്കുന്നതാണ്.

**<u>തീരുമാനം</u>**

അംഗീകരിച്ചു.

## 21. G2-13484/16

പട്ടികജാതി വികസന ഓഫീസർ ഇല്ലാത്ത നഗരസഭയിലും പുതിയ നഗരസഭകളിലും അതാത് വിഷയമേഖല കൈകാര്യം ചെയ്യുന്നവരായിരിക്കും SC/ST പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന് അറിയിച്ചുകൊണ്ടുള്ള നഗരകാര്യ ഡയറക്ടറുടെ 9/9/2016ലെ DC4/16661/2016 നമ്പർ കത്ത് കൗൺസിൽ അറിവിലേയ്ക്ക്.

**<u>തീരുമാനം</u>**

വായിച്ചു റിക്കാർഡാക്കി.

## 22. G2-13628/16

മലപ്പുറം ബ്ലോക്ക് വ്യവസായ വികസന ഓഫീസറായ ശ്രീ. ജിബിൻ ജോയി എന്നവരെ കോട്ടക്കൽ നഗരസഭയുടെ അധികചുമതല നൽകികൊണ്ടുള്ള 8/7/2016ലെ E1/518/2016 നമ്പർ ഉത്തരവ് കൗൺസിലിന്റെ അറിവിലേയ്ക്ക്.

**<u>തീരുമാനം</u>**

വായിച്ചു റിക്കാർഡാക്കി.

## 23. G2-12438/16

2016-17 വാർഷിക പദ്ധതി വനിതാ ഘടക പദ്ധതി, കുട്ടികളുടെ പദ്ധതി 12.4, 12.5 ഖണ്ഡികകളിലെ നിബന്ധനകൾ നിർബന്ധമായും പാലിക്കേണ്ടതാണ് എന്ന് അറിയിച്ചുകൊണ്ടുള്ള പ്ലാനിംഗ് ഓഫീസറുടെ 26/7/2016ലെ 1000/2016/DPO/MPM നമ്പർ കത്ത് കൗൺസിലിന്റെ അറിവിലേയ്ക്ക്

**<u>തീരുമാനം</u>**

വായിച്ചു റിക്കാർഡാക്കി.

## 24. R4-12990/11

കോട്ടക്കൽ നഗരസഭയിലെ തിയേറ്ററുകളായ ലീന സ്ക്രീൻ I & II സംഗീത് മൂവീസ് എന്നിവകളുടെ കോമ്പൗണ്ടിംഗ് കാലാവധി യഥാക്രമം 26/9/2016, 30/9/2016 എന്നീ തീയതികളിൽ അവസാനിക്കുകയാണെന്നും ആയത് അടുത്ത മൂന്ന് മാസത്തേയ്ക്കുകൂടി നിലവിലെ നിരക്കിൽ പുതുക്കി നൽകണമെന്ന അപേക്ഷകൾ കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** 1) ലീന തിയേറ്റർ സ്ക്രീൻ - I ന്റെ നിലവിലെ നിരക്ക് 66647/-രൂപയാണ്.
2) ലീന തിയേറ്റർ സ്ക്രീൻ - II ന്റെ നിലവിലെ നിരക്ക് 28538/-രൂപയാണ്.
3) സംഗീത് മൂവീസിന്റെ നിലവിലെ നിരക്ക് 66371/-രൂപയാണ്.

**<u>തീരുമാനം</u>**

അംഗീകരിച്ചു.

## 25. PO-9612/16/14

2022 ഓടെ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും, നഗരസഭകളുടേയും സംയുക്താഭ്യമുഖ്യത്തിൽ നടപ്പിലാക്കുന്ന പി.എം.എ.വൈ (പ്രധാനമന്ത്ര ആവാസ് യോജന) പദ്ധതിക്ക് 5476/എൻ/2015 കെ.എസ്.എച്ച്.ഒ. സർക്കുലർ–2 പ്രകാരം ടി പദ്ധതിക്ക് ആവശ്യമായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് താഴെ തട്ടിലേയ്ക്ക് പദ്ധതിയെകുറിച്ച് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിന് വേണ്ടിയും ഫെസിലറ്റേറ്റർമാരെ തിരഞ്ഞെടുക്കുന്നതിനും പുറമെ നഗരസഭയിൽ ഉള്ള വീടില്ലാത്തവരും വീടിന് സ്ഥലമില്ലാത്തവരുമായ ആളുകളുടെ പട്ടിക സംസ്ഥാന മിഷനിലേയ്ക്ക് അയച്ച് നൽകുന്നതിലേയ്ക്കായി വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

**കുറിപ്പ്:** ചേരി വികസനം, ക്രഡിറ്റ് ലിങ്ക്സ് സബ്സിഡി, അഫോഡബിൾ ഹൗസിംഗ് സ്കീം വ്യക്തിഗത നിർമ്മാണം എന്നീ വ്യത്യസ്ഥ നാലു ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് പദ്ധതി വിഭാവനം ചെയ്തത്.

**തീരുമാനം**

അംഗീകരിച്ചു.

## 26. PW2-13668/16

ബസ് സ്റ്റാന്റിലെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന മുനിസിപ്പൽ ബിൽഡിംഗ് വളരെ ശോചനാവസ്ഥയിലാണെന്നും അപകടനിലയിലാണെന്നും 1978 കാലങ്ങളിൽ നിർമ്മിച്ച നാട്ടിലെ ഏറ്റവും പഴക്കം ചെന്ന ബിൽഡിംഗ് ആയതിനാൽ ഒരു അപകടം ഉണ്ടാവാനുള്ള സാധ്യതയും കണക്കിലെടുത്ത് ഇതിന്റെ ഇപ്പോഴത്തെ ഒരു ഫിറ്റ്നസ് വാങ്ങുന്നതിനും ഇവിടെ ഒരു പുതിയ ബിൽഡിംഗ് നിർമ്മിക്കുന്നത് സംബന്ധിച്ച 3–ാം വാർഡ് കൗൺസിലർ ശ്രീ. അബ്ദുനാസർ.ടി യുടെ കത്ത് കൗൺസിന്റെ പരിഗണനയ്ക്കായി.

**തീരുമാനം**

അന്വേഷണ റിപ്പോർട്ടിനായി മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

## 27. PW2-13669/16

കോട്ടക്കൽ നഗരസഭയിലെ 20–ാം വാർഡ് മരവട്ടത്ത് നഗരസഭയുടെ പ്ലാന്റിന് സമീപത്തായി റോഡിൽ രാത്രി അജ്ഞാതർ അറവു മാലിന്യം തള്ളുന്നതായും ഈ മാലിന്യം ജനദ്രോഹപരവും മാരകമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമാകയാൽ മാലിന്യം തള്ളിയവരെ കുറിച്ച് പോലീസ് അന്വേഷണത്തിനായി തുടർ നടപടികൾ സ്വീകരിക്കുന്നതിനായുള്ള ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. അലവി തൈക്കാട്ടിന്റെ കത്ത് കൗൺസിലിന്റെ പരിഗണനയ്ക്കായി.

**തീരുമാനം**

ശക്തമായ നടപടി സ്വീകരിക്കാൻ പോലീസിനോട് ആവശ്യപ്പെടാൻ ഐക്യകണ്ഠേന തീരുമാനിച്ചു.

## 28. പ്രമേയം G1-13670/16

കേരള സർക്കാർ മാറിയതിന് ശേഷം നല്ലരീതിയിൽ പ്രവർത്തിച്ചിരുന്ന കോട്ടക്കൽ നഗരസഭ ഓഫീസ് സംവിധാനത്തെ താറുമാറാക്കുകയും ദൈനംദിന പ്രവർത്തനത്തിനാവശ്യമായ സെക്രട്ടറി, എഞ്ചിനീയറടക്കമുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നതിൽ സർക്കാർ കാണിക്കുന്ന അലംഭാവത്തിൽ കടുത്ത പ്രതിഷേധം രേഖപ്പെടുത്തുന്നു. ഒരു ബിൽഡിംഗ് പെർമിറ്റ് പോലും സമയത്തിന് കിട്ടാതെ പൊതുജനത്തെ ബുദ്ധിമുട്ടിക്കുന്ന സർക്കാർ നയത്തിൽ ജനരോക്ഷം ശക്തമാണ്. കേരളത്തിലെ മികച്ച നഗരസഭകളിലൊന്നായി അറിയപ്പെടുന്ന കോട്ടക്കലിന്റെ സൽപ്പേരിന് കളങ്കം വരുത്തുന്ന ഈ നടപടിക്കെതിരെ ശക്തമായ ഭാഷയിൽ കൗൺസിൽ അംഗങ്ങൾ ഐക്യകണ്ഠേന പ്രതികരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അവതാരകൻ : അഹമ്മദ് മണ്ടായപ്പുറം

അനുവാദകൻ : അബ്ദുള്ളകുട്ടി മങ്ങാടൻ.

**തീരുമാനം**

പ്രമേയം സർക്കാരിലേയ്ക്ക് അയക്കാൻ തീരുമാനിച്ചു.

## 29. PW2-13671/16

കോട്ടക്കലിൽ കുട്ടികൾക്കായുള്ള നൂതനമായ ഒരു പാർക്ക് തയ്യാറാക്കുവാനുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ ചെയ്തുതരാമെന്ന് ലയൺസ് ഡിസ്ട്രിക്ട് 318 D യുടെ 2016-17 ലെ ഗവൺറായ മണപ്പുറം ഫൈനാൻസിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശ്രീ. വി.പി. നന്ദകുമാർ സമ്മതിച്ചിട്ടുണ്ടെന്നും ടി ആവശ്യത്തിലേയ്ക്കായി പാർക്കിനുവേണ്ടി 10-15 സെന്റ് സ്ഥലം നഗരസഭ അനുവദിക്കുന്നതിന് വേണ്ടിയുള്ള ശ്രീ. യു. ഭരതൻ, പ്രസിഡണ്ട്, ലയൺസ് ക്ലബിന്റെ 22/9/2016ലെ കത്ത് കൗൺസിലിന്റെ പരിഗണനയ്ക്കായി.

**കുറിപ്പ്:** പാർക്കിന്റെ ഭൗതിക സാഹചര്യങ്ങളും സംവിധാനങ്ങളും ഒരുക്കുക മാത്രമാണ് ലയൺസ് ക്ലബ്ബ് ചെയ്യുക, സ്ഥലം നഗരസഭയുടേത് തന്നെയായി തുടരും എന്നുള്ള ഒരു ധാരണ പത്രം ഒപ്പ് വെക്കുവാൻ ക്ലബ് ഭാരവാഹികൾ തയ്യാറാണെന്നും ഈ പദ്ധതി 2017 മാർച്ചിന് മുമ്പ് നടപ്പിലാക്കിയാൽ മാത്രമേ സഹായങ്ങൾ ലഭ്യമാവുകയുള്ളൂ എന്നും കത്തിൽ പറഞ്ഞിട്ടുണ്ട്.

### തീരുമാനം

ഉചിതമായ സ്ഥലം കണ്ടെത്തുന്നതിന് സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

## 30. G3-13672/16

കോട്ടക്കൽ നഗരസഭ 2016 ഓക്ടോബർ 1-ാം തീയതി വയോജനദിനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതും വയോമിത്രവുമായി സഹകരിച്ച് അന്നേ ദിവസം ആയിരത്തിൽ കുറയാത്ത വയോജനങ്ങളെ പങ്കെടുപ്പിച്ച് ഇവർക്ക് ഒരു സമ്മാനവും ഭക്ഷണവും, ഗാനമേളയും മറ്റും സംഘടിപ്പിക്കുന്നതിലേയ്ക്ക് ആവശ്യമായ ഫണ്ട് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്ന കാര്യം കൗൺസിലിന്റെ പരിഗണനയ്ക്കായി.

### തീരുമാനം

മുൻ എം.പി.യും, എം.എൽ.എ.യും ആയ അബ്ദുസമദ് സമദാനി, ബഹു. എം.എൽ.എ.യും പങ്കെടുക്കുന്നതും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ, ചെയർമാൻമാർ നാണി എന്ന അബ്ദു റഹിമാൻ, കൺവീനറുമായി സ്വാഗതസംഘം രൂപീകരിച്ചു. ആവശ്യമായ ഫണ്ട് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

## 31. PO-13189/14

ഭവനശ്രീ പദ്ധതി പ്രകാരം നഗരസഭയിലെ വീട് ഇല്ലാത്ത 160 BPL കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്ന ആവശ്യത്തിലേക്ക് 2 ലക്ഷം രൂപ നിരക്കിൽ 3.20 കോടി രൂപ ഹഡ്കോയിൽ നിന്നും ലോൺ എടുക്കുന്നതിന് സർക്കാരിലേക്ക് അനുമതിക്കായി അപേക്ഷിച്ചിരുന്നു. എന്നാൽ ഇതുവരെ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ഈ വിഷയം കൗൺസിൽ പരിഗണനക്കായി

### തീരുമാനം

കോട്ടക്കൽ നഗരസഭയിലെ ഭവന രഹിതരായ 160 BPL കുടുംബങ്ങൾക്ക് ഭവനശ്രീ പദ്ധതി പ്രകാരം 160X 2,00,000=3,20,00,000 രൂപ ഹഡ്ക്കോയിൽ നിന്നും ലോൺ എടുക്കന്നതിന് അനുമതി നൽകുന്നതിന് സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നു. ടി അപേക്ഷ പരിഗണിച്ച് 160 പേർക്ക് 2 ലക്ഷം രൂപ നിരക്കിൽ 3,20,00,000 രൂപ ഹഡ്ക്കോയിൽ നിന്ന് ലേൺ എടുക്കുന്നതിന് അനുമതി നൽകുന്ന വിഷയം ത്വരിതപ്പെടുത്തുന്നതിന് സർക്കാരിനോട് അപേക്ഷിക്കുവാൻ തീരുമാനിച്ചു.

## 32. G3-10295/11

സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ ലഭിച്ച 68 വാർദ്ധക്യകാല പെൻഷൻ അപേക്ഷകളും 3 വികലാംഗ പെൻഷൻ അപേക്ഷകളും അനുവദിക്കുന്നതിന് 23.09.2016ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം കൗൺസിൽ അറിവിലേയ്ക്കും പരിഗണനയ്ക്കും.

### തീരുമാനം

അംഗീകരിച്ചു.

## 33. H1-27/2015

Ministry of Urban Development- Swachh Bharath Mission "ODF" മായി ബന്ധപ്പെട്ട് ലഭിച്ച ഇമെയിൽ സന്ദേശങ്ങൾ നിർദ്ദേശിച്ചിട്ടുള്ള ഡിക്ലറേഷൻ ഫോർമാറ്റുകൾ തയ്യാറാക്കുന്നതിന് ഹെൽത്ത് സെക്ഷൻ സീനിയർ ക്ലാർക്ക് ശ്രീ. രാജവർമ്മൻ.കെ.എൻ, JHI. ശ്രീ. റഷീദുദ്ദീൻ എം എന്നിവരെ നിർദ്ദേശിക്കുന്ന വിവരം കൗൺസിലിന്റെ അറിവിലേയ്ക്ക്.

**തീരുമാനം**

വായിച്ചു റിക്കാർഡാക്കി. ടി ആവശ്യത്തിലേയ്ക്ക് ഹെൽത്ത് സെക്ഷൻ സീനിയർ ക്ലാർക്ക് ശ്രീ. രാജവർമ്മൻ..കെ..എൻ, JHI. ശ്രീ. റഷീദുദ്ദീൻ എം എന്നിവരെ നിയോഗിക്കുന്നതിന് തിരുമാനിച്ചു.

## 34. H1-13328/2016

നഗരസഭ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് കേരള സർക്കാറിന്റെ GO(MS)No.118/2016/LSGD Dt. 17.08.2016 ഉത്തരവ് കൗൺസിലന്റെ അറിവിന്.

**തീരുമാനം**

വായിച്ചു റിക്കാർഡാക്കി.

(യോഗം 12.45 ന് അവസാനിച്ചു)

(ഒപ്പ്)
**ചെയർമാൻ,**
**കോട്ടക്കൽ നഗരസഭ.**